"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശൂരനാട് സൗത്ത്, മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ 2023 ജൂൺ - 5 ന് പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ വിഗ്യാൻ ഭവനിൽ വച്ച് നടന്ന ചടങ്ങിൽ പങ്കെടുത്തത്- യാത്രക്ക് സാധൂകരണവും ചെലവായ യാത്രപ്പടി പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതിയും നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

സ.ഉ.(സാധാ) നം.1637/2023/LSGD തീയതി,തിരുവനന്തപുരം, 10-08-2023

---

പരാമർശം:- 1. കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെ 26.05.2023 തീയതിയിലെ DO .No. Q.16017/44/2022-CPA ഉത്തരവ്.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 01.06.2023, 22.06.2023 തിയതിയിലെ LSGD/PD/38050/2023-GEB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ന്യൂഡൽഹി വിഗ്യാൻ ഭവനിൽ വച്ച് 2023 ജൂൺ - 5 ന് നടന്ന ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച ചടങ്ങിൽ കേരളത്തിൽ നിന്ന് ശൂരനാട് സൗത്ത്, മീനങ്ങാടി, കതിരൂർ, ബേഡഡുക്ക എന്നീ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർ പങ്കെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സൂചന (1) പ്രകാരം കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം യാത്രാനുമതിക്കായി അപേക്ഷിച്ചിരുന്നു. എന്നാൽ 04/06/2023 ന് തന്നെ ന്യൂഡൽഹിയിൽ എത്തണമെന്ന് പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ നിന്നും അറിയിച്ചതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ശൂരനാട് സൗത്ത്, മീനങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്മാർ ചടങ്ങിൽ പങ്കെടുത്തതായും ആയതിലേയ്ക്കായി നടത്തിയ വിമാനയാത്രക്കു സാധൂകരണവും ചെലവായ യാത്രപ്പടി പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം 2 പ്രകാരം അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു . മേൽ സാഹചര്യത്തിൽ ശൂരനാട് സൗത്ത്, മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ ലോക പരിസ്ഥിതി ദിനം 2023 - ന്റെ ഭാഗമായി ജൂൺ - 5 ന് ന്യൂഡൽഹി വിഗ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ പങ്കെടുക്കുന്നതിനായി നടത്തിയ വിമാനയാത്രക്കു സാധൂകരണവും ആയതിലേയ്ക്കായി ചെലവായ യാത്രപ്പടി പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അരുൺ മേനോൻ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത്, കൊല്ലം.

പ്രസിഡന്റ്/സെക്രട്ടറി, മീനങ്ങാടി ഗ്രാമപഞ്ചായത്ത്, വയനാട്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/95/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar d
സെക്ഷൻ ഓഫീസർ
Date: 11-08-2023 09:50:07

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്